കേരള സർവ്വീസ് പെൻഷനേഴ്സ് അസോസിയേഷന്റെ 5-ാം സംസ്ഥാന സമ്മേളനം സംബന്ധിച്ച്

696. [1117] ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർവ്വീസ് പെൻഷനേഴ്സ് അസോസിയേഷന്റെ 5-ാം സംസ്ഥാന സമ്മേളനം പാസ്സാക്കിയ പ്രമേയങ്ങൾ ഉൾക്കൊള്ളുന്ന നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അവ പരിശോധിച്ചു വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നാലാം കേന്ദ്രശമ്പളക്കമ്മീഷന്റെ ശുപാർശകളിൽ പെൻഷൻകാരുടെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് എടുക്കുന്ന തീരുമാനം അറിഞ്ഞശേഷം സംസ്ഥാന സർവ്വീസ് പെൻഷൻകാരുടെ നിവേദനങ്ങളിൻമേൽ തീരുമാനമെടുക്കാമെന്ന സംസ്ഥാന ഗവൺമെന്റിന്റെ തീരുമാനം കേരള സർവ്വീസ് പെൻഷനേഴ്സ് അസോസിയേഷനെ അറിയിച്ചിട്ടുണ്ട്.

(സി) ഉത്തരം 'ബി' യുടെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

വിവിധ വകുപ്പുകളിലെ സ്പെഷ്യൽ റിക്രൂട്ടുമെന്റ് മുഖേനയുള്ള നിയമനം

697. [1121] ശ്രീ. കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം ജില്ലയിലേക്ക് വിവിധ വകുപ്പുകളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റു മുഖേന നിയമനത്തിനായി എൽ. ഡി. ക്ലാർക്ക് തസ്തികയിലേക്ക് ഇപ്പോൾ എത്ര ഒഴിവാണുള്ളത് ?

ഉത്തരം

ഇതേവരെ ലഭിച്ച റിപ്പോർട്ടു പ്രകാരം 12 ഒഴിവുകളാണുള്ളത്. വകുപ്പു തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു :

പോലീസ്	—	8
മൈനിംഗ് ആൻറ് ജിയോളജി	—	1
വിജിലൻസ്	—	1
സൈനികക്ഷേമം	—	2
ആകെ		12

മറ്റു വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

സബ് ഇൻസ്പെക്ടർമാരുടെ പരീക്ഷാ ചോദ്യക്കടലാസിന്റെ ചോർച്ച

698. [1123] ശ്രീമതി കെ. ആർ. ഗൗരി :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
,, ഒ. രേതൻ :
,, പി. വി. കുഞ്ഞിക്കണ്ണൻ :

LIBRARY ARCHIVES Kerala Legislative Assembly